പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 194 11.03.2020 ലെ മറുപടിക്ക്

## രണ്ടാം കയർ പുനഃസംഘടനാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ.യു. ആർ. പ്രദീപ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയുടെ സമഗ്ര പുരോഗതിയ്ക്കായി ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) കയർ മേഖലയുടെ ആധുനികവത്ക്കരണത്തിനായി സർക്കാർ കയർമേഖലയിൽ രണ്ടാം പുനസംഘടന നടപ്പിലാക്കുകയാണ്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉൽപ്പാദനത്തെ ആധുനികവത്ക്കരിക്കുന്നതിന് പരിപൂർണ്ണമായ യന്ത്രവത്ക്കരണം, ഉൽപ്പന്ന മേഖലയിൽ ആധുനികവത്ക്കരണം, കയർ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, കയർ ഭൂവസ്ത്ര പദ്ധതി ഇവയാണ് കയർ വ്യവസായ മേഖലയുടെ സമഗ്ര പുരോഗതിക്കായി ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ.<br><br>സംസ്ഥാനത്ത് ഇതിനോടകം തന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019 ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകി കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 240 എ.എസ്.എം.-കൾ സ്ഥാപിച്ചു കഴിഞ്ഞു. |

| | |
|---|---|
| | 31/03/2020 ൽ 620 എ.എസ്.എം_ കൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം_കൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>കയർ ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിൽ, യന്ത്രവത്ക്കരണ പദ്ധതിയിൽ, കയർ ജിയോ ടെക്സ്റ്റൈയിൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്.<br><br>സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടേയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. കയർ കേരള 2017 ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും,എം.ജി.എൻ.ആർ.ഇ.ജി.എസ് മായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉല്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വ.മീ കയർ ഭൂവസ്ത്രവും കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി യിട്ടുണ്ട്.<br><br>2019 കയർ കേരള വഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നുള്ള ധാരണ ഉണ്ടായിട്ടുണ്ട്. 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാ പത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പ് വച്ചിട്ടുണ്ട്. കൽക്കട്ടയിൽ വച്ച് 2019 ൽ നടന്ന സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്റ്റൈൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിൽ എത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർഭൂവസ്ത്രം കയർഫെഡിൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ബി) കയർ വ്യവസായത്തിന്റെ ആധുനികവത്ക്കരണം ലക്ഷ്യമാക്കി രണ്ടാം കയർ പുനഃസംഘടനാ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി)&സി) കയർ വ്യവസായത്തിന്റെ ആധുനികവത്ക്കരണം ലക്ഷ്യമാക്കി കയർ മേഖലയിൽ ഒരു രണ്ടാം കയർ പുന:സംഘടനാ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. |
| സി) കയർ മേഖലയിൽ യന്ത്രവത്ക്കരണം ഏർപ്പെടുത്തുമ്പോൾ അത് പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിലിനെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ.<br><br>ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവു വരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ സൊസൈറ്റികളും 80 പുതിയ ഡി.എഫ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019 ൽ ഒപ്പുവച്ചിട്ടുണ്ട്. ഇവയുടെ സ്ഥാപിത ഉത്പ്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്ന് പരിഗണിച്ചാൽ 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുന്നതാണ്. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടൺ ആയി വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.<br><br>കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. 2020-21 വർഷത്തിൽ 2000 എ.എസ്.എം - കൾ സംസ്ഥാനത്ത് കുറഞ്ഞത് 200 സംഘങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കായംകുളം, കണ്ണൂർ, ആലപ്പുഴ, വൈക്കം എന്നീ പ്രോജക്ടുകളുടെ പരിധിയിലുള്ള കയർ സഹകരണ സംഘങ്ങളിൽ 245 മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ശരാശരി 50 കിലോ 160-180 റണ്ണേജിലുള്ള വൈക്കം കയർ, പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന തൊഴിലാളിക്ക് ഉല്പാദിപ്പിക്കാനാകും. പരമ്പരാഗത/ഇലക്ട്രോണിക്ക് റാട്ടിൽ ശരാശരി 15-18 കിലോ ഗ്രാം കയർ ഒന്നോ മൂന്നോ |

| | |
|---|---|
| | തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന സ്ഥാനത്താണ് ഒരു തൊഴിലാളി എ.എസ്.എം.-ൽ 50 കിലോ കയർ ഉൽപാദിപ്പിക്കുന്നത്. കയർ ഉല്പാദനം വർദ്ധിക്കുന്നതിന് ഇത് ഏറ്റവും സഹായകരമാണ്.<br><br>എ. എസ്. എം- കൾ സ്ഥാപിച്ച് തുടങ്ങുന്നതിന് മുമ്പായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും 6056 ഇലക്ട്രോണിക്ക് റാട്ടുകൾ നല്കിക്കൊണ്ടും കയർ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. |

| വർഷം | കയർ ഉൽപ്പാദനം (ക്വിൻറലിൽ) |
|---|---|
| 2015-16 | 78820.40 |
| 2016-17 | 99793.90 |
| 2017-18 | 124961.00 |
| 2018-19 | 157767.52 |
| 2019-20 ഫെബ്രുവരി വരെ | 170000.00 |

ഈ സാമ്പത്തിക വർഷം 200000 ക്വിൻറൽ കയർ ഉല്പാദിപ്പിക്കുന്നതിനാണ് നടപടി സ്വീകരിച്ചു വരുന്നത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 1200 കോടി രൂപ പ്ലാൻ ഫണ്ടായും 200 കോടി രൂപ എൻ സി ഡി സി ധനസഹായമായും മൊത്തം 1400 കോടി രൂപ കയർ മേഖലയിൽ സർക്കാർ വിനിയോഗിച്ചു വരികയാണ്. തൻമൂലം ഒരു തൊഴിലാളിയുടെ ശരാശരി വരുമാനം 2015-16 ൽ 13,380 രൂപ ആയിരുന്നത് 2018-19 ൽ 29,088 രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ ഉല്പാദനം മൂന്ന് മടങ്ങായി 2019-20 വർഷം അവസാനിക്കുമ്പോൾ എത്തിച്ചേരുമെന്നതാണ് മേൽ വിവരിച്ച നടപടികളുടെ വിജയകരമായ പരിസമാപ്തി.

കയർ കേരള 2017 ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ. ഇ.ജി.എസ് മായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വ.മീ കയർ ഭൂവസ്ത്രവും കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

| | |
|---|---|
| | പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് കയർ രണ്ടാം പുന:സംഘടനയുടെ സവിശേഷത. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കും. ഇവർ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡ് വഴി സംഭരിക്കും. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകും. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2016-17 മുതൽ പ്രതിവർഷം ചെലവഴിച്ച തുക താഴെ പറയുന്നു. |

| വർഷം | തുക |
|---|---|
| 2016-17 | 12,44,50,000 |
| 2017-18 | 15,07,33,457 |
| 2018-19 | 22,64,08,498 |
| 2019-20 ഫെബ്രുവരി15 വരെ | 15,00,00,000 |

ഡിസ്കൗണ്ട് നൽകി പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കുന്നതിനായി കയർഫെഡിന് നൽകിയ പി.പി.എസ്.എസ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2016-17 | 21,38,00,000 |
| 2017-18 | 25,40,71,758 |
| 2018-19 | 29,41,85,685 |
| 2019-20 മാർച്ച് 10 വരെ | 33.41 കോടി |

കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും തൻമൂലം വരുമാനം കൂട്ടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകയും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും. എന്നാൽ എ.എസ്.എം കളിലേക്ക് മാറാൻ കഴിയാത്ത ഒരു തൊഴിലാളിക്കും

| | |
|---|---|
| | തൊഴിൽ നഷ്ടപ്പെടുകയില്ലായെന്ന് ഉറപ്പു വരുത്തിക്കൊണ്ടാണ് സമ്പൂർണ്ണ യന്ത്രവൽക്കരണ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. <br> പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് തന്നെ കയർ രണ്ടാം പുന:സംഘടന വിജയകരമായി മുന്നോട്ടു പോവുകയാണ്. |

സെക്ഷൻ ഓഫീസർ